"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പൊതുഭരണ വകുപ്പിൽ ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ നിര്യാതയായ ഉഷ വി.കെ - യുടെ മകൾ കുമാരി. നന്ദന യു-ന് വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ആശ്രിത നിയമനം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സർവ്വീസസ് -എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.145/2026/GAD തീയതി,തിരുവനന്തപുരം, 29-09-2026

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ (പി) നം.12/99/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്.
2. 14.07.2023 തീയതിയിലെ ജി.ഒ (പി) നം.12/2023/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്.
3. 09.11.2023 തീയതിയിലെ സ.ഉ (കൈ) നം.21/2023/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്.
4. 29.03.2025 തീയതിയിലെ സ.ഉ(അച്ചടി) നം.4/2025/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്.
5. കുമാരി നന്ദന യു -ന്റെ 27.06.2025 തീയതി രേഖപ്പെടുത്തിയ ആശ്രിത നിയമന അപേക്ഷ.
6. 09.11.2025 തീയതിയിലെ സ.ഉ(അച്ചടി) നം.15/2025/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്.
7. സംസ്ഥാന പോലീസ് മേധാവിയുടെ 27.03.2026 തീയതിയിലെ എം4(എ)-43974/2026/പി.എച്ച്.ക്യു നമ്പർ കത്ത്.
8. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30.04.2026 തീയതിയിലെ DCTVM/15719/2025-S6 നമ്പർ കത്ത്.
9. പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പിന്റെ 18.09.2026 തീയതിയിലെ എസ്.ഡി.3/156/2026-ജി.എ.ഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

പൊതുഭരണ വകുപ്പിലെ ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 22.09.2018 തീയതിയിൽ നിര്യാതയായ വി.കെ ഉഷ യുടെ മകൾ കുമാരി.നന്ദന യു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി

പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ, ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ്, അസിസ്റ്റന്റ് തസ്തികകളാണ് ആശ്രിത നിയമനത്തിനായി മുൻഗണനാക്രമത്തിൽ ടിയാൾ തെരഞ്ഞെടുത്തിട്ടുള്ളത്. കുമാരി.നന്ദന യു. പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്ക് ആവശ്യമായ കായിക-ആരോഗ്യ-ശാരീരിക ക്ഷമതാ പരീക്ഷ വിജയിച്ചതായും, പ്രസ്തുത തസ്തികയിലേക്ക് പരിഗണിക്കുന്നതിന് ടിയാൾ യോഗ്യയാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (7) പ്രകാരം റിപ്പോർട്ട് നൽകുകയും, പരാമർശം (5) പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം അപേക്ഷകയ്ക്ക് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതിനാൽ ടിയാളുടെ അപേക്ഷ തിരുവനന്തപുരം ജില്ലാ കളക്ടർ ശിപാർശ ചെയ്യുകയുമുണ്ടായി.

2) പരാമർശം (1), (4), (6) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (4) സർക്കാർ ഉത്തരവിലെ ഖണ്ഡിക IV(1), (3) പ്രകാരം കുമാരി.നന്ദന യു., പുതുക്കിയ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയ 19.07.2025 തീയതി വാലിഡ് ആപ്ലിക്കേഷൻ തീയതിയായി നിശ്ചയിക്കുകയുണ്ടായി. വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ആശ്രിത നിയമനം നടത്തുന്നതിനായി നീക്കി വച്ചിരിക്കുന്ന ഒഴിവുകളിൽ 9 എണ്ണത്തിലേയ്ക്ക് കുമാരി.നന്ദന യു. ഉൾപ്പെടെ 9 പേർക്ക് പൊതുഭരണ (സർവ്വീസസ് -ഡി) വകുപ്പിൽ നിന്നും പരാമർശം (9) പ്രകാരം നിയമന ശിപാർശ നൽകിയിട്ടുള്ളതാണ്.

3) മേൽ സാഹചര്യത്തിൽ കുമാരി.നന്ദന യു.-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ ആശ്രിത നിയമനം നൽകുന്നതിനും, ടിയാൾ തെരഞ്ഞെടുത്ത തിരുവനന്തപുരം ജില്ലയിൽ നിയമനം ലഭിക്കാത്ത പക്ഷം തിരുവനന്തപുരം ജില്ലയിൽ ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് (പ്രസ്തുത ജില്ല ഓപ്ഷനായി നൽകിയ മറ്റ് സീനിയർ അപേക്ഷകർ ഇല്ലാത്ത പക്ഷം ഉടൻ തന്നെയും, ഉണ്ടെങ്കിൽ സീനിയോരിറ്റി ക്രമമനുസരിച്ചും) പരാമർശം (4) സർക്കാർ ഉത്തരവിലെ ഖണ്ഡിക XVIII (2) പ്രകാരം സീനിയോരിറ്റി നിലനിർത്തിക്കൊണ്ട് സ്ഥലംമാറ്റം അനുവദിയ്ക്കുന്നതിനും, സംസ്ഥാന പോലീസ് മേധാവിയ്ക്ക് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) കുമാരി.നന്ദന യു.-ന്റെ വിദ്യാഭ്യാസ യോഗ്യത, ശാരീരിക ആരോഗ്യക്ഷമത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെയും രേഖകളുടെയും വിശ്വാസ്യത ഉറപ്പുവരുത്തി വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ, സംസ്ഥാന പോലീസ് മേധാവി നിയമന ഉത്തരവ് നൽകേണ്ടതാണ്. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 5 (x) പ്രകാരമുള്ള സമ്മതപത്രം അപേക്ഷകയിൽ നിന്ന് ലഭ്യമാക്കി നിയമനാധികാരി സൂക്ഷിക്കേണ്ടതും, ആവശ്യമായി വരുന്ന പക്ഷം, തദനുസൃതമായുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരമുള്ള ആശ്രിത - സംരക്ഷണ സമ്മതമൊഴി കൂടി നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതും, നിയമനം ക്രമപ്പെടുത്തുന്നതിന് മുമ്പായി ടിയാളുടെ സ്വഭാവവും പൂർവ്വചരിത്രവും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

5) കുമാരി.നന്ദന യു.-ന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ നിര്യാതയായ ജീവനക്കാരിയുടെ (ഉഷ വി.കെ, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, PEN:102578) സേവനപുസ്തകത്തിലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയിലോ നിയമനത്തോടനുബന്ധിച്ച വകുപ്പുതല അന്വേഷണ സമയത്തോ അപേക്ഷക തെറ്റായി വിവരം ധരിപ്പിക്കുകയോ ഏതെങ്കിലും വിവരം മറച്ചുവയ്ക്കുകയോ ചെയ്തു എന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M ANIL KUMAR**

ഡെപ്യൂട്ടി സെക്രട്ടറി

കുമാരി.നന്ദന യു ബാബു നിവാസ്, പ്ലോട്ട് നമ്പർ 82,പി.എസ്. നഗർ, നെടുമങ്ങാട്, തിരുവനന്തപുരം - 695541 (Speed Post with A/D)

സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന പോലീസ് ആസ്ഥാനം, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

പൊതുഭരണ (സർവ്വീസസ്- ഡി ) വകുപ്പ് (18.09.2026 തീയതിയിലെ എസ്.ഡി3/156-ജി.എ.ഡി പ്രകാരം)

പൊതുഭരണ (അക്കൗണ്ട്സ് - ജെ) വകുപ്പ് ( കുമാരി.നന്ദന യു.-ന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ ഉഷ വി.കെ-യുടെ (ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, PEN:102578) സേവനപുസ്തകത്തിലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തുന്നതിലേയ്ക്കായി)

ആഭ്യന്തര (കെ) വകുപ്പ് (22/04/2026 തീയതിയിലെ HOME-K3/139/2025-HOME പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്) , തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Pradeep R
Date: 29-09-2026
16:17:25

സെക്ഷൻ ഓഫീസർ